# Desabhimani
# 31 August 2018
# Tripunithura, CM’s Flood Relief Fund, Auto rickshaw Drivers

## ഓട്ടോറിക്ഷകൾ ദുരിതാശ്വാസയാത്ര നടത്തി

**തൃപ്പൂണിത്തുറ**

മുഖ്യമന്ത്രിയുടെ പ്രളയദുരിതാശ്വാസ നിധിയിലേക്ക് ഫണ്ട് ശേഖരിക്കാൻ തൃപ്പൂണിത്തുറ ഏരിയയിൽ ഓട്ടോറിക്ഷകൾ ദുരിതാശ്വാസയാത്ര സംഘടിപ്പിച്ചു. രാവിലെ എട്ട് മുതൽ വൈകിട്ട് ആറു വരെ ഓടിക്കിട്ടിയ മുഴുവൻ തുകയും ദുരിതാശ്വാസ ഫണ്ടിലേക്കുനൽകും. ഓട്ടോറിക്ഷ ഡ്രൈവേഴ്സ് അസോസിയേഷൻ (സിഐടിയു) തൃപ്പൂണിത്തുറ ഏരിയ കമ്മിറ്റി സംഘടിപ്പിച്ച ദുരിതാശ്വാസയാത്ര സ്റ്റാച്യുവിൽ സിപിഐ എം ജില്ലാ സെക്രട്ടറിയറ്റംഗം എം സി സുരേന്ദ്രനും പുതിയകാവിൽ സി എൻ സുന്ദരനും ആശുപത്രിപ്പടിയിൽ പി വാസുദേവനും ഉദ്ഘാടനം ചെയ്തു. വൈകിട്ട് മരടിൽ നടന്ന അസോസിയേഷൻ ഏരിയ പ്രസിഡന്റ് എം പി ഉദയൻ ഫണ്ട് ഏറ്റുവാങ്ങി. സി ബി പ്രദീപ്കുമാർ, ഐ എ രാജേഷ്, എ യു ബിജു, കെ ആർ വിദ്യാസാഗർ, എം പി സുനിൽകുമാർ എന്നിവർ സംസാരിച്ചു.